പതിമൂന്നാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 78

05.03.2012-ൽ
മറുപടിയ്ക്ക്

**റിപ്പബ്ലിക്ദിനച്ചടങ്ങിൽ ഹരിദ്വാർ സ്വദേശി അതിക്രമിച്ചു കയറിയ സംഭവം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.റ്റി.എ.റഹീം. | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |
| (എ) 2012 ജനുവരി 26-ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ റിപ്പബ്ലിക് ദിന പരേഡിൽ സല്യൂട്ട് സ്വീകരിച്ചത് ആരായിരുന്നു; | (എ) മുഖ്യമന്ത്രി |
| (ബി) ഡയസ്സിലേയ്ക്കും, പത്രക്കാരുടെ ഇടയിലേയ്ക്കും പാസ്സില്ലാതെ കടന്നുകയറിയ ഹരിദ്വാർ സ്വദേശി കൈലാഷ് നാഥ് എന്നയാളെ പോലീസ് കസ്റ്റഡിയിൽ എടുത്തിരുന്നുവോ; | (ബി) പോലീസ് കസ്റ്റഡിയിൽ എടുക്കുകയോ അറസ്റ്റ് ചെയ്യുകയോ ചെയ്തിട്ടില്ല. |
| (സി) ജന്മനാട്ടിൽ നിന്നും പ്രസ്തുതവ്യക്തിയെക്കുറിച്ചുള്ള വിവരങ്ങൾ പോലീസ് അന്വേഷിച്ചിരുന്നുവോ; | (സി) അന്വേഷിച്ചിരുന്നു. ടിയാനെക്കുറിച്ച് ഉത്തരാഖണ്ഡ് എ.ഡി.ജി.പി. ഇന്റലിജൻസ് ആന്റ് സെക്യൂരിറ്റിയിൽ നിന്നും വിവരങ്ങൾ ശേഖരിച്ചിരുന്നു. |
| (ഡി) പ്രസ്തുതവ്യക്തിയെ അടിയന്തിരമായി വിട്ടയയ്ക്കുവാൻ നിർദ്ദേശം നൽകിയത് ആരാണ്; | (ഡി) പ്രസ്തുത വ്യക്തിയെ കസ്റ്റഡിയിൽ എടുത്തിട്ടില്ലാത്തതിനാൽ ചോദ്യം പ്രസക്തമല്ല. |
| (ഇ) പ്രസ്തുതവ്യക്തി ചടങ്ങിൽ കടന്നുകയറിയതിന്റെ ലക്ഷ്യം എന്തായിരുന്നു; വ്യക്തമാക്കുമോ? | (ഇ) പ്രസ്തുത വ്യക്തിക്ക് റിപ്പബ്ലിക് ദിന പരേഡ് കാണുക എന്നുള്ള ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളുവെന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.